# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2457** — **18/02/2016** -ൽ മറുപടിക്ക്

## ജലവിതരണം സുഗമമാക്കാൻ മുൻകരുതൽ

**ചോദ്യം**

ശ്രീ. എ.കെ.ശശീന്ദ്രൻ

**മറുപടി**

ശ്രീ. പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പമന്ത്രി)

(എ) തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലും വരൾച്ചക്കാലം വരുന്നതിന് മുമ്പേ ജലവിതരണം സുഗമമാക്കാൻ എന്തൊക്കെ മുൻകരുതൽ എടുക്കണമെന്ന് ജല അതോറിറ്റി ആലോചിച്ചിട്ടുണ്ടോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ;

(എ) തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലും വരൾച്ചക്കാലം വരുന്നതിന് മുമ്പേ ജലവിതരണം സുഗമമാക്കാൻ താഴെ പറയുന്ന മുൻകരുതലുകൾ കൈക്കൊണ്ടിട്ടുണ്ട്.വരൾച്ച പ്രതിരോധിക്കുന്നതിന് വേണ്ടി വിവിധ പമ്പുഹൗസുകളിൽ കേടായ പമ്പുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ട അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ശേഷികുറഞ്ഞ പഴയ പൈപ്പ് ലൈനുകൾ മാറ്റി വ്യാസം കൂടിയ പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ജലലഭ്യത ഉറപ്പ് വരുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൈപ്പ് ലൈനുകളിൽ ഉണ്ടാകുന്ന ലീക്കേജു കൾ മൂലമുള്ള ജലനഷ്ടം ഒഴിവാക്കുന്നതിനു വേണ്ടി ലീക്കുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള ബ്ലൂ ബ്രിഗേഡ് ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം നഗരത്തിൽ പൈപ്പ് പൊട്ടി നാലാംദിവസവും വെള്ളം കിട്ടാതിരുന്നതിനും ചോർച്ച അടയ്ക്കാൻ ദിവസങ്ങൾ വൈകിക്കുന്നതിനും പിന്നിൽ എന്താണ് കാരണമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) തിരുവനന്തപുരം നഗരത്തിലെ പ്രധാന പൈപ്പുകളിൽ ഉണ്ടാകുന്ന ലീക്ക് പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട പ്ലാന്റോ ടാങ്കോ അടച്ചതിനുശേഷമാണ് റിപ്പയർ വർക്ക് ചെയ്യുന്നത്. റിപ്പയർ വർക്ക് യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്തു തീർക്കാറുണ്ട്. എന്നാൽ അറ്റകുറ്റപണികൾ ചെയ്തതിനു ശേഷം ജല സംഭരണിയിൽ ആവശ്യത്തിന് ജലനിരപ്പ് ഉയർന്നാൽ മാത്രമേ ഉയർന്ന പ്രദേശങ്ങളിൽ ജലം

JSK/

എത്തിച്ചേരുകയുള്ളൂ. ടി കാരണത്താൽ ലീക്ക് പരിഹരിച്ചതിനു ശേഷവും അടുത്ത ദിവസമേ ഉയർന്ന പ്രദേശങ്ങളിൽ വെള്ള മെത്താറുള്ളൂ. ലീക്കുകൾ 24 മണിക്കൂറിനു ള്ളിൽ റിപ്പയർ ചെയ്യുന്നുണ്ട്. എന്നാൽ നഗര പ്രദേശത്തെ KRFB, NH റോഡുകളിൽ റോഡു വെട്ടുന്നതിനുള്ള അനുമതി വൈകുന്നതുമൂലം അത്തരം റോഡുകളിലുണ്ടാകുന്ന ലീക്കുകൾ പരിഹരി ക്കുന്നതിന് കാലതാമസം ഉണ്ടാവാറുണ്ട്. ഇവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (സി) കാലഹരണപ്പെട്ട പൊതുടാപ്പുകൾ നീക്കംചെയ്ത് പുതിയവ സ്ഥാപിക്കാനും, പൊട്ടിയ പൈപ്പ് ലൈനുകൾ കാര്യക്ഷമമാക്കുന്നതോടൊപ്പം വരൾച്ച മുന്നിൽ കണ്ട് ജലവിതരണം തടസ്സ പ്പെടാതിരിക്കാൻ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർക്കുകയും വിവിധ ഏജൻസികളുടെ ഏകോപനത്തിന് സമിതി രൂപീകരിക്കുകയും ചെയ്യുന്നതി നുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധിയും ജല അതോറിറ്റി ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തി കാലഹരണപ്പെട്ട പൊതു ടാപ്പുകൾ നീക്കം ചെയ്തുവരാറുണ്ട്. പൊട്ടിയ പൈപ്പ് ലൈനുകൾ ഉടൻ റിപ്പയർ നടത്തി ശുദ്ധജല വിതരണം കാര്യക്ഷ മമാക്കി വരുന്നുണ്ട്. ജലവിതരണം തടസ്സപ്പെടാതിരിക്കാൻ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കുകയും വരൾച്ചയു മായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ വിവിധ ഏജൻസികളുമായി യോഗം ചേരുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ

JSK/